# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

***( Under the Holy Apostolic See of Antioch and All the East )*** **Reg. No. ER/308/07**

**M.J.S.S.A. HEAD QUARTERS, PUTHENCRUZ - 682 308, KERALA, INDIA**

***General Secretary,***

**CHEV.M.J.MARKOSE**
**MAMALAYIL**
**EZHAKKARNAD P.O.**
**PUTHENCRUZ - 682308**
**PH: 0485 2246211**
**MOB. 9745046911**

**Website : www.mjssa.in**
**Email : mjssahq@gmail.com**
**Phone & Fax: 0484-2730150**

**Date: 12.12.2016**

**TO**

**ALL SCHOOLS & OFFICE BEARERS**

വിഷയം : അഖില മലങ്കര സുവിശേഷ മഹായോഗം 2016 ഡിസംബർ 26 മുതൽ 31 വരെ – സൺഡേ സ്കൂൾ അദ്ധ്യാപക കുടുംബ സംഗമം 2016 – ഡിസംബർ 31 രാവിലെ 10.00 മുതൽ 1.30 മണി വരെ

സൂചന : (1) അഖില മലങ്കര സുവിശേഷ സംഘത്തിന്റെ അറിയിപ്പ്

(2) സെന്ററൽ കമ്മിറ്റിയുടെ 10.12.2016 തിരുമാനം.

മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തിവരുന്ന സുവിശേഷമഹായോഗം ഈ വർഷവും ഡിസംബർ 26 മുതൽ 31 വരെയുള്ള 6 ദിവസങ്ങളിലായി പുത്തൻകുരിശു പാത്രിയർക്കൽ സെന്റർ മൈതാനിയിൽ നടത്തുന്നതിന് സഭ തീരുമാനിച്ചിട്ടുള്ളതാണ് ആയതിന്റെ വിശദമായ കല്പന, നോട്ടീസ് എന്നിവ ഇതിനകം എല്ലാ പള്ളികളിലും ലഭിച്ചു കാണുമെന്നു കരുതുന്നു. അതോടനുബന്ധിച്ച് 31–ാം തീയതി ശനിയാഴ്ച രാവിലെ 10.00 മുതൽ 1.30 വരെ സൺഡേസ്കൂൾ അസ്സോസിയേഷൻ, വിദ്യാർത്ഥി പ്രസ്ഥാനം, സെമിനാരി, സെന്റ് പോൾസ് പ്രെയർ ഫെല്ലോഷിപ്പ് എന്നിവരുടെ ആഭിമുഖ്യത്തിൽ ധ്യാനയോഗവും നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളതാണ്. ആയതിനാൽ മേൽ സൂചനകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ധ്യാനയോഗത്തിൽ സൺഡേസ്കൂൾ അദ്ധ്യാപകർ കുടുംബ സമേതം വന്ന് പങ്കെടുത്തു ധ്യാനയോഗം പ്രയോജനപ്പെടുത്തുകയും, വിജയിപ്പിക്കുകയും ചെയ്യുവാൻ പ്രത്യേകം ക്ഷണിക്കുന്നു. ഓരോ ഡിസ്ട്രിക്റ്റിൽ നിന്നും കുറഞ്ഞത് നൂറിൽ കുറയാത്ത അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കണം. ഡിസ്ട്രിക്റ്റ് ഭാരവാഹികളും, ഭദ്രാസന ഭാരവാഹികളും ആവശ്യമായ നിർദ്ദേശങ്ങൾ സൺഡേസ്കൂളുകൾക്കു നൽകുകയും പരമാവധി അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുമാണ്.

ഇത്തരം കൂടി വരവ് വർഷത്തിലൊരിക്കലെങ്കിലും എല്ലാ ആദ്ധ്യാത്മീക സംഘടനകൾക്കും അനിവാര്യമാണെന്ന ശ്രേഷ്ഠ ബാവാ തിരുമേനിയുടെ ആഗ്രഹത്തെ പ്രതിയാണ് ഈ ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളത് ആയതിനാൽ മുഴുവൻ അദ്ധ്യാപകരും കുടുംബസമേതം പങ്കെടുക്കണമെന്ന് ഒരിക്കൽ കുടി ഓർമ്മിപ്പിക്കുന്നു.

എന്ന്,

സ്നേഹപൂർവ്വം
നിങ്ങളുടെ എളിയ ശുശ്രൂഷകൻ

Chev. M.J. Markose
(General Secratary)